സിനിമ

ബത്തേരി

ഐശ്വര്യ
- ബെത്‌ലഹേം കുടുംബയൂണിറ്റ്
- 11.00 AM, 2.15 PM, 5.30 PM, 9.00 PM

അതുല്യ
- I AM GAME[MAL]
- 10.45 AM , 2.15 PM ,5.30 PM, 9.00 PM

ഐശ്വര്യ സിനി പ്ലസ്
- തുടക്കം
10.45 AM
- ബെത്‌ലഹേം കുടുംബയൂണിറ്റ്
- 1.30 PM,4.30 PM,7.30 PM ,10.30 PM
- VISHWANATH & SONS [TAM]
1.45 PM
- KHALIFA [MAL] 11.00 AM
- IMMORTAL [TAM]
11.00 AM, 4.45 PM, 7.15 PM, 9.45 PM
- FOR ONLINE BOOKING :
www.aiswaryacinemas.com

കൽപ്പറ്റ

ജൈത്ര സ്ക്രീൻ 1
- I'M GAME.
10.45AM,9.40PM.
- ബത്‌ലഹേം കുടുംബയൂണിറ്റ്
2.20.6PM.
- കലീഫ
2.30PM,6PM,9.30PM.

സ്ക്രീൻ 2
- I'M GAME.
- 10.50AM,2.30PM,6PM,9.40PM.

സ്ക്രീൻ 3
- ബത്‌ലഹേം കുടുംബയൂണിറ്റ്
- 11AM,2.30PM,6PM,9.40PM.

പുൽപ്പള്ളി

പെന്റാ സിനിമാസ്
BLUE
- തുടക്കം
11.15AM 2.15PM 5.15PM 8.30PM
RED
- Magudam (tamil)
11.AM 2.10PM 5.20PM 8.30PM
GREEN
- കലീഫ
11.15AM 2.30PM 5.30PM 8.30PM

BLUE MOON CINEMAS
- AUDI 1- ബത്‌ലഹേം കുടുംബയൂണിറ്റ്
11.15AM 2.30PM 5.30PM 8.30PM
- AUDI 2 DC(TAMIL)11.15AM 2.30PM 5.30PM 8.30PM

FORRESERVATION: WWW.BOOKMYSHOW.COM PHONE04936 242 347

വൈദ്യുതി മുടങ്ങും

- തരുവണ തൊണ്ണമ്പറ്റ കുന്ന്, വെള്ളമുണ്ടനടാഞ്ചേരി റോഡ്, പീച്ചക്കോട് അകമനച്ചാൽ റോഡ്, തരുവണഏഴാം മൈൽ, പുളിഞ്ഞാമ്പറ്റ എന്നിവിടങ്ങളിൽ രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ

സിഐടിയു ഏരിയ കോ ഓർഡിനേഷൻ കൺവൻഷൻ

സിഐടിയു വൈത്തിരി ഏരിയ കോ ഓർഡിനേഷൻ കൺവൻഷൻ ജില്ലാ ജനറൽ സെക്രട്ടറി വി വി ബേബി ഉദ്ഘാടനം ചെയ്യുന്നു

വൈത്തിരി

ജില്ലയിലെ 13 വില്ലേജുകൾ പരിസ്ഥിതിലോല പ്രദേശമായി (ഇഎസ്എ) കരട് വിജ്ഞാപനം ചെയ്ത കേന്ദ്ര സർക്കാർ നടപടി തിരുത്തണമെന്ന് സിഐടിയു വൈത്തിരി ഏരിയ കോ ഓർഡിനേഷൻ കൺവൻഷൻ ആവശ്യപ്പെട്ടു.

കൺവൻഷൻ സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി വി വി ബേബി ഉദ്ഘാടനം ചെയ്തു. ലേബർ കോഡുകൾ പിൻവലിക്കണമെന്നും ആവശ്യമുയർന്നു. ഏരിയാ പ്രസിഡന്റ് എം സെയ്ത് അധ്യക്ഷനായി. ഏരിയാ സെക്രട്ടറി എം ജനാർദനൻ റിപ്പോർട്ടും സി എച്ച് മമ്മി അനുശോചന പ്രമേയവും അവതരിപ്പിച്ചു. എൽ സി ജോർജ്, വി വിനോദ് എന്നിവർ സംസാരിച്ചു. എസ് ചിത്രകുമാർ സ്വാഗതവും

കെ വി ഗിരീഷ് നന്ദിയും പറഞ്ഞു. ഭാരവാഹികൾ: എം ജനാർദനൻ (പ്രസിഡന്റ്), എം സെയ്ത് (സെക്രട്ടറി), എൽസി ജോർജ്, പി കെ അസീസ് (വൈസ് പ്രസിഡന്റുമാർ), എം രമേശൻ, കെ വി ഗിരീഷ് (ജോയിന്റ് സെക്രട്ടറിമാർ), വി വിനോദ് (ട്രഷറർ).

ബാലസംഘം വില്ലേജ് സമ്മേളനങ്ങൾ

മുട്ടിൽ

കുട്ടികളുടെ കായികശേഷി വികസനത്തിനും ആരോഗ്യപരിപാലനത്തിനുമായി മുഴുവൻ വാർഡുകളിലും കളിസ്ഥലം ഒരുക്കണമെന്ന് മുട്ടിൽ സൗത്ത് ബാലസംഘം വില്ലേജ് സമ്മേളനം ആവശ്യപ്പെട്ടു. ജില്ലാ കമ്മിറ്റി അംഗം തീർഥ ജിതിൻ ഉദ്ഘാടനം ചെയ്തു. നിയ ഫാത്തിമ അധ്യക്ഷയായി. ബിഥോവ് കാസ്ട്രോ റിപ്പോർട്ട് അവതരിപ്പിച്ചു. പി ആർ ഗിരിനാഥൻ, എം ഫിറോസ് ഖാൻ, പി വി വേണുഗോപാൽ, മുഹമ്മദ് ഷജീദ്, കെ പി വിജയ് എന്നിവർ സംസാരിച്ചു. ജെന്നി ജ്യോതി സ്വാഗതവും ദേവ്നാ കാർത്തിക നന്ദിയും പറഞ്ഞു. ഭാരവാഹികൾ : ബിഥോവ് കാസ്ട്രോ (പ്രസിഡന്റ്), നിയ ഫാത്തിമ (സെക്രട്ടറി), മുഹമ്മദ് ഷജീദ് (കൺവീനർ), എസ് ഹരി നന്ദന (കോ ഓർഡിനേറ്റർ).

ബാലസംഘം മുട്ടിൽ നോർത്ത് വില്ലേജ് സമ്മേളനം ജില്ലാ സെക്രട്ടറി റിത്വിക് ഷാ ഉദ്ഘാടനം ചെയ്തു.

നഹാ നിസാർ അധ്യക്ഷയായി. ഷുക്കൂർ കാതിരി, ജോസ്‌ല റാണി, കെ രവീന്ദ്രൻ, കെ ജയരാജൻ, പി നാസർ എന്നിവർ സംസാരിച്ചു. സി എം സുമേഷ് സ്വാഗതവും യൂനസ് മാറായി നന്ദിയും പറഞ്ഞു. ഭാരവാഹികൾ: നഹ നിസാർ (പ്രസിഡന്റ്), അഫ്രിൻസിയ (സെക്രട്ടറി), സി എം സുമേഷ് (കൺവീനർ), ഷുക്കൂർ കാതിരി (കോ ഓർഡിനേറ്റർ).

കൽപ്പറ്റ

ബാലസംഘം കൽപ്പറ്റ സൗത്ത് വില്ലേജ് സമ്മേളനം ജില്ലാ വൈസ് പ്രസിഡന്റ് നീൽഗഗൻ ഉദ്ഘാടനം ചെയ്തു.

ഹേമന്ത് പി ചന്ദ്രൻ അധ്യക്ഷനായി. കൽപ്പറ്റ നഗരത്തിലെ ശുചിമുറികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും തെരുവുനായ ശല്യത്തിന് പരിഹാരം കാണണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കെ വിജയൻ സ്വാഗതവും കെ ടി മെഹബൂബ് നന്ദിയും പറഞ്ഞു. ഭാരവാഹികൾ: വൈഗ പ്രവീൺ (പ്രസിഡന്റ്), ഹേമന്ത് പി ചന്ദ്രൻ (സെക്രട്ടറി), എം പ്രമോദ് (കൺവീനർ), പി എം സാജിദ് (കോ ഓർഡിനേറ്റർ).

ബത്തേരി

ബാലസംഘം നെന്മേനി വില്ലേജ് സമ്മേളനം ജില്ലാ കമ്മിറ്റിയംഗം അഖില ഉദ്ഘാടനം ചെയ്തു. വിദ്യാർഥികളിൽ വിഭാഗീയ ചിന്തയും വർഗീയതയും സൃഷ്ടിക്കുന്ന പിഎം ശ്രീ പദ്ധതിയിൽനിന്ന് സർക്കാർ പിന്മാറണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഏരിയാ പ്രസിഡന്റ് അഭിനന്ദന റിപ്പോർട്ട് അവതരിപ്പിച്ചു. ശൈലജ സ്വാഗതവും ശ്രീയ നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികളെയും കമ്മിറ്റിയെയും തെരഞ്ഞെടുത്തു. ഭാരവാഹികൾ: ശ്രീയ (പ്രസിഡന്റ്), ക്രിസ്റ്റിനോ (സെക്രട്ടറി), സി കെ അജി (കൺവീനർ), നൗഫൽ (കോ ഓർഡിനേറ്റർ).

ആരോഗ്യവകുപ്പിലെ അന്യായ സ്ഥലംമാറ്റം

എൻജിഒ യൂണിയൻ ഡിഎംഒ ഓഫീസ് മാർച്ച്

മാനന്തവാടി

ആരോഗ്യവകുപ്പ് ജീവനക്കാരെ മാനദണ്ഡം പാലിക്കാതെ അന്യായമായി സ്ഥലംമാറ്റുന്നതിനെതിരെ എൻജിഒ യൂണിയൻ ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ ഡിഎംഒ ഓഫീസിലേക്ക് മാർച്ച് നടത്തി. ഭിന്നശേഷിക്കാരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരടക്കമുള്ളവരെയും രാഷ്ട്രീയപ്രേരിതമായി സ്ഥലംമാറ്റുകയാണ്. രോഗികൾ അടക്കമുള്ളവരാണ് ദുരിതത്തിലാവുന്നത്. അന്യായ സ്ഥലംമാറ്റത്തിനെതിരെ പോരാട്ടം ശക്തമാക്കുമെന്നും നേതാക്കൾ പറഞ്ഞു.

എൻജിഒ യൂണിയൻ പ്രതിഷേധ മാർച്ച് സംസ്ഥാന കമ്മിറ്റിയംഗം എ പി മധുസൂദനൻ ഉദ്ഘാടനം ചെയ്യുന്നു

തിങ്കൾ പകൽ 12–ഓടെ മാനന്തവാടി പോസ്റ്റ് ഓഫീസ് പരിസരത്തുനിന്നും ആരംഭിച്ച മാർച്ച് ഡിഎംഒ ഓഫീസ് കവാടത്തിൽ പൊലീസ് തടഞ്ഞു. സംസ്ഥാന കമ്മിറ്റിയംഗം എ പി മധുസൂദനൻ ഉദ്ഘാടനം ചെയ്തു. ജില്ലാ ട്രഷറർ യു കെ സരിത അധ്യക്ഷയായി.

എം കെ മനോജ്, പി എസ് അഭിലാഷ്, എം എസ് സുദീപ് എന്നിവർ സംസാരിച്ചു.

പിപിടിടിഐ, ഐടിഇ കലോത്സവം

മാനന്തവാടി സെന്റ് ജോർജ് ടിടിഐ ജേതാക്കൾ

പിപിടിടിഐ, ഐടിഇ, അധ്യാപക കലോത്സവത്തിൽ ജേതാക്കളായ മാനന്തവാടി സെന്റ് ജോസഫ് ടിടിഐയ്ക്ക് ഡിഡിഇ വി എ ശശീന്ദ്രവ്യാസ് ട്രോഫി വിതരണം ചെയ്യുന്നു

ബത്തേരി

റവന്യൂ ജില്ലാ പിപിടിടിഐ, ഐടിഇ, അധ്യാപക കലോത്സവത്തിൽ മാനന്തവാടി സെന്റ് ജോസഫ് ടിടിഐ ജേതാക്കളായി. 106 പോയിന്റ് നേടിയാണ് വിജയം. 98 പോയിന്റ് നേടിയ പനമരം ടിടിഐക്കാണ് രണ്ടാം സ്ഥാനം. ഡയറ്റ് ഓഡിറ്റോറിയത്തിലെ നാല് വേദികളിലായി നടത്തിയ കലോത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർപേഴ്സൺ റസീന അബ്ദുൾഖാദർ അധ്യക്ഷയായി. വി കെ ഷിഫാനത്ത്, എസ് സുധ, കെ റസീന, നിസാർ കമ്പ, സി വി മൻമോഹൻ, സി ഹനീന, ബി ജെ ഷിനിത എന്നിവർ സംസാരിച്ചു. ഡിഡിഇ വി എ ശശീന്ദ്രവ്യാസ് സ്വാഗതവും കെ എം സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു. സമാപന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഷെറീന അബ്ദുള്ള അധ്യക്ഷയായി. വി എ ശശീന്ദ്രവ്യാസ് സമ്മാനദാനം നടത്തി. കെ എം സെബാസ്റ്റ്യൻ സ്വാഗതവും ഡോ. വി സതീഷ്കുമാർ നന്ദിയും പറഞ്ഞു.

ബോക്സിങ് ചാമ്പ്യൻഷിപ്പ് സമാപിച്ചു

മാനന്തവാടി

കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻസ് (സിഐഎസ്‌സിഇ) റീജണൽ ലെവൽ ബോക്സിങ് ചാമ്പ്യൻഷിപ്പ് ഉഷാ വിജയൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

കേരള സ്റ്റേറ്റ് അമച്വർ ബോക്സിങ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കെ ഉസ്മാൻ അധ്യക്ഷനായി. സെന്റ് പാട്രിക്സ് സ്കൂൾ സുപ്പീരിയർ ഡോ. സ്റ്റാൻസിലസ് മുഖ്യാതിഥിയായി. സ്കൂൾ പ്രിൻസിപ്പൽ ജോൺപോൾ യുവരാജ് മെഡൽ വിതരണം ചെയ്തു. ബോക്സിങ് അസോസിയേഷൻ ജില്ലാ സെക്രട്ടറി വി സി ദീപേഷ്, എൻ എ ഹരിദാസ്, സിജു ഗോപി, കെ ജെ ഡെയ്സൺ, മനോജ് കുമാർ, വി സി ദീജേഷ്, പി വി ജിൻസ്, എ ബിജു എന്നിവർ സംസാരിച്ചു.

വിവിധ ജില്ലകളിലെ 27 സ്കൂളുകളെ പ്രതിനിധീകരിച്ച് നൂറിലധികം കായികതാരങ്ങൾ പങ്കെടുത്തു.

കർഷകസംഘം സംസ്ഥാന സമ്മേളനം

പനമരത്തെ മികച്ച കർഷകരെ ആദരിച്ചു

പനമരം

കർഷകസംഘം സമ്മേളനത്തിന്റെ ഭാഗമായി പനമരം വില്ലേജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മികച്ച കർഷകരെ ആദരിച്ചു. മികച്ച കർഷകരായി തെരഞ്ഞെടുത്ത എം എ വർക്കി, പി മധു, രാധ വാഴയിൽ, ടി എം കാസിം, ശ്രീകല ബാബു എന്നിവരെയാണ് ആദരിച്ചത്. ജില്ലാ സെക്രട്ടറി സി ജി പ്രത്യുഷ് ഉദ്ഘാടനം ചെയ്തു. വില്ലേജ് പ്രസിഡന്റ് ഗഫൂർ കടന്നോളി അധ്യക്ഷനായി. ഏരിയാ സെക്രട്ടറി എം എ ചാക്കോ, വില്ലേജ് സെക്രട്ടറി ശൈലേഷ് കുമാർ, പനമരം ബ്ലോക്ക് പഞ്ചായത്ത് അംഗം പി സി വത്സല, കെ സി ജബ്ബാർ എന്നിവർ പങ്കെടുത്തു. ആലപ്പുഴയിൽ 18 മുതൽ 20 വരെയാണ് സംസ്ഥാന സമ്മേളനം.

കർഷകസംഘം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി പനമരം വില്ലേജ് കമ്മിറ്റി നടത്തിയ മികച്ച കർഷകർക്കുള്ള അനുമോദനം ജില്ലാ സെക്രട്ടറി സി ജി പ്രത്യുഷ് ഉദ്ഘാടനം ചെയ്യുന്നു

ക്ഷേമ പെൻഷനുകൾ വീട്ടിൽ എത്തിക്കണം

മേപ്പാടി

വയോജനക്ഷേമ വകുപ്പിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണമെന്നും സാമൂഹ്യക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിക്കുന്ന രീതി തുടരണമെന്നും സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ പഞ്ചായത്ത് സമ്മേളനം ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി ഹംസ ഉദ്ഘാടനം ചെയ്തു. പി കെ അച്ചുതൻ അധ്യക്ഷനായി. മേഖലാ സെക്രട്ടറി അപ്പൻ നമ്പ്യാർ സംഘടനാ റിപ്പോർട്ടും കെ എസ് ദ്വരരാജ് പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. ഇ കെ ബിജുജൻ, വി പി ശങ്കരൻ നമ്പ്യാർ, സി പ്രഭാകരൻ, കെ പി മൊയ്തീൻ, പി കെ രാജൻ, പി ഉണ്ണീൻ, എബനേസർ സാമുവൽ എന്നിവർ സംസാരിച്ചു. കെ ശിവദാസൻ സ്വാഗതവും കെ വിശാലാക്ഷി നന്ദിയും പറഞ്ഞു. ഭാരവാഹികൾ: പി കെ അച്ചുതൻ (പ്രസിഡന്റ്), പി ഉണ്ണീൻ, പി കെ രാജൻ (വൈസ് പ്രസിഡന്റുമാർ), പി വി മാത്യു (സെക്രട്ടറി), കെ വിശാലാക്ഷി, എബനേസർ സാമുവൽ (ജോ. സെക്രട്ടറിമാർ), കെ എസ് ദ്വരരാജ് (ട്രഷറർ).

വിദ്യാനഗർ റസിഡന്റ്സ് അസോ. കുടുംബസംഗമം

വിദ്യാനഗർ റസിഡന്റ്സ് അസോസിയേഷൻ കുടുംബസംഗമം നഗരസഭാ ചെയർപേഴ്സൺ പി വിശ്വനാഥൻ ഉദ്ഘാടനം ചെയ്യുന്നു

കൽപ്പറ്റ

വിദ്യാനഗർ റസിഡന്റ്സ് അസോസിയേഷൻ നടത്തിയ കുടുംബസംഗമം നഗരസഭാ ചെയർപേഴ്സൺ പി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസി, പ്ലസ്ടു ഉന്നതവിജയം നേടിയ വിദ്യാർഥികൾ, രാമായണ പാരായണത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ സൂര്യനന്ദ എന്നിവരെ ആദരിച്ചു. കെ ജി രവീന്ദ്രൻ അധ്യക്ഷനായി. വാർഡ് കൗൺസിലർ എ വി ദീപ, കെ പ്രകാശൻ, എൻ വി ജയചന്ദ്രൻ, എം എ രാജേഷ്, എ ഡി യശോധരൻ, മഹേന്ദ്രൻ എന്നിവർ സംസാരിച്ചു. അസോസിയേഷനിലെ മുതിർന്ന അംഗങ്ങളെയും ചടങ്ങിൽ ആദരിച്ചു.

എംഎൽഎ ഓഫീസിലേക്ക് ആക്ഷൻ കൗൺസിൽ മാർച്ച്

കൽപ്പറ്റ

വയനാട് മെഡിക്കൽ കോളേജ് മടക്കിമലയിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് മെഡിക്കൽ കോളേജ് ജനകീയ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ മന്ത്രി ടി സിദ്ദിഖ് എംഎൽഎയുടെ ഓഫീസിലേക്ക് മാർച്ച് നടത്തി.

സാമൂഹ്യപ്രവർത്തകൻ എ പി അഹമ്മദ് ഉദ്ഘാടനംചെയ്തു. ജില്ലാ പ്രസിഡന്റ് കെ എൻ പ്രേമലത അധ്യക്ഷയായി. ആക്ഷൻ കൗൺസിൽ ചെയർമാൻ ഡോ. എം ബാലകൃഷ്ണൻ, അഡ്വ. വി പി എൽദോ എന്നിവർ സംസാരിച്ചു. കെ വി ഗോകുൽദാസ് സ്വാഗതം പറഞ്ഞു.

അധ്യാപകദിനം ആചരിച്ചു

കൽപ്പറ്റ

അധ്യാപക ദിനത്തിന്റെ ഭാഗമായി കൽപ്പറ്റ ഗവ. എൽപി സ്കൂളിലെ അധ്യാപകരെയും വിരമിച്ച അധ്യാപകരെയും പിടിഎ നേതൃത്വത്തിൽ ആദരിച്ചു. പൂർവ വിദ്യാർഥികളെയും ആദരിച്ചു. മുൻ എഇഒ ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. മുൻ അധ്യാപകരായ വി പി മുഹമ്മദ്, സലിന, ത്രേസ്യമ്മ, ജനാർദനൻ, എൻ വി മൊയ്തീൻകുട്ടി, കെ ലളിത, കെ അശോകൻ, ടി ശോഭന എന്നിവരെ ആദരിച്ചു. നഗരസഭാ കൗൺസിലർ ഗിരീഷ് അധ്യക്ഷനായി. പിടിഎ പ്രസിഡന്റ് കെ ടി മഹ്ബൂബ് സ്വാഗതവും ശ്രീനിവാസൻ നന്ദിയും പറഞ്ഞു.

ദ്വാരക

ദ്വാരക എയുപി സ്കൂളിൽ പിടിഎയുടെ നേതൃത്വത്തിൽ അധ്യാപകദിനം ആചരിച്ചു. മുഴുവൻ അധ്യാപകരെയും പൂച്ചെണ്ടും ഉപഹാരവും നൽകി സ്വീകരിച്ചു. പിടിഎ പ്രസിഡന്റ് എം ഇബ്രാഹിം അധ്യാപക ദിന സന്ദേശം നൽകി. പിടിഎ ഭാരവാഹികളെ പ്രധാനാധ്യാപിക സിസ്റ്റർ സിജി ജോസഫ് ഉപഹാരം നൽകി ആദരിച്ചു. മദർ പിടിഎ പ്രസിഡന്റ് എം എസ് ദീപ്തി, വിദ്യാർഥി പ്രതിനിധികളായ റിച്ചാർഡ് തോമസ്, കെ ഷെസ ഫാത്തിമ, പിടിഎ വൈസ് പ്രസിഡന്റ് എ അബ്ദുൾ നാസർ, മദർ പിടിഎ വൈസ് പ്രസിഡന്റ് എം എസ് സോഫി എന്നിവർ സംസാരിച്ചു.

ഗൂഡല്ലൂർ ടൗണിൽ കാട്ടാന ഭീതിയിൽ നാട്ടുകാർ

നീലഗിരി വാർത്തകൾ

ഗൂഡല്ലൂർ

ടൗണിലും പരിസരപ്രദേശങ്ങളിലും കാട്ടാന ഭീതി ഒഴിയുന്നില്ല. തിങ്കൾ രാവിലെ മാർത്തോമാ നഗറിൽ സർക്കാർ ജീവനക്കാരുടെ വീടുകൾക്ക് സമീപമെത്തിയ കാട്ടാനയെ പടക്കം പൊട്ടിച്ചും ശബ്ദമുണ്ടാക്കിയും തുരത്താൻ ശ്രമിച്ചെങ്കിലും പിന്മാറിയില്ല. കഴിഞ്ഞ ദിവസവും പ്രദേശത്ത് ആന എത്തിയിരുന്നു.

വാഴയടക്കമുള്ള കൃഷി നശിപ്പിക്കുകയുംചെയ്തു. വീടുകൾക്ക് തൊട്ടടുത്ത് ആന തമ്പടിക്കുന്നതോടെ പുറത്തിറങ്ങാനാകാത്ത സ്ഥിതിയിലാണ് നാട്ടുകാർ. മേലെ ഗൂഡല്ലൂർ, നടുഗൂഡല്ലൂർ, ഹെൽത്ത് ക്യാമ്പ് തോട്ടംമൂല, ഗോത്രവയൽ, ടൗണിന്റെ വിവിധ ഭാഗങ്ങൾ, കല്ലടി എന്നിവിടങ്ങളിൽ മാസങ്ങളായി ആനയുടെ സാന്നിധ്യമുണ്ട്. ഊട്ടി–ഗൂഡല്ലൂർ ദേശീയ പാതയിലും ആനയെത്താറുണ്ട്.

വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി ആനയെ തുരത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും കാടു കയറുന്നില്ല. ആനയെ ഉടൻ ഉൾക്കാട്ടിലേക്ക് തുരത്തണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.



ഗൂഡല്ലൂർ ടൗണിലെത്തിയ കാട്ടാന

കാട്ടാന റേഷൻ കട തകർത്തു

ഗൂഡല്ലൂർ

ദേവർഷോല പഞ്ചായത്തിലെ ദേവൻ രണ്ടാം നമ്പറിലെ റേഷൻ കട കാട്ടാന തകർത്തു. വെള്ളി രാത്രിയെത്തിയ കാട്ടാന വാതിൽ തകർത്താണ് കടയ്ക്കുള്ളിൽ കയറിയത്. അരി, പരിപ്പ്, ഉപ്പ്, പഞ്ചസാര ഉൾപ്പെടെയുള്ളവ ഭക്ഷിക്കുകയും പുറത്തേക്ക് വലിച്ചെറിഞ്ഞ് നശിപ്പിക്കുകയുംചെയ്തു.മാസാരംഭമായതിനാൽ റേഷൻ കടയിൽ സാധനങ്ങൾ കൂടുതലായി സ്റ്റോക്ക് ചെയ്തിരുന്നു. ഇത് രണ്ടാംതവണയാണ് കാട്ടാന റേഷൻ കട തകർക്കുന്നത്.

രാവിലെ നാട്ടുകാരാണ് സംഭവം കണ്ടത്. റേഷൻ കടകൾക്ക് കാട്ടാനകളിൽനിന്ന് സുരക്ഷ ഒരുക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

കാട്ടാന റേഷൻ കട തകർത്തനിലയിൽ

ഊട്ടിക്ക് സമീപം കേത്തിയിൽ ജനവാസകേന്ദ്രത്തിൽ എത്തിയ കാട്ടുപോത്ത്

കാട്ടുപോത്ത് ഭീതിയിൽ ഊട്ടി ലൗഡേൽ

ഊട്ടി

കേത്തി പഞ്ചായത്തിലെ ലൗഡേലും പരിസര പ്രദേശങ്ങളും കാട്ടുപോത്തിന്റെ ഭീതിയിൽ. വീടുകൾക്ക് സമീപവും തേയിലത്തോട്ടങ്ങളിലും കൂട്ടമായും ഒറ്റയായും കാട്ടുപോത്തുകൾ എത്തുന്നത് പതിവാകുകയാണെന്ന് നാട്ടുകാർ പറഞ്ഞു. ജനവാസ മേഖലയിലെത്തുന്ന കാട്ടുപോത്തുകളുടെ കാലിൽ പിവിസി പൈപ്പുകൾ കുടുങ്ങുന്നതും പ്രദേശത്ത് പതിവാണ്. പിവിസി പൈപ്പുകളിൽ കാൽ കുടുങ്ങിയ കാട്ടുപോത്തുകളെ മയക്കുവെടിവച്ച് പിടികൂടി കാട്ടിലേക്ക് തുരത്തുകയാണ് വനംവകുപ്പ്.

വനത്തിൽനിന്ന് ജനവാസ കേന്ദ്രത്തിലേക്ക് വ്യാപകമായി ഇറങ്ങുന്ന കാട്ടുപോത്തുകളെ ഉൾവനത്തിലേക്ക് തുരത്താൻ നടപടിവേണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

അധ്യാപക നിയമനം

കാവുമന്ദം

തരിയോട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം സംസ്കൃതം അധ്യാപക ഒഴിവിലേക്ക് ബുധൻ പകൽ രണ്ടിന് സ്കൂൾ ഓഫീസിൽ അഭിമുഖം. ഫോൺ: 94473 42524.

സുശീല ഗോപാലൻ സ്മാരക വനിത സഹകരണ സംഘം
Ltd. No.W 287 മാനന്തവാടി. Ph : 9744396242

അപേക്ഷകൾ ക്ഷണിക്കുന്നു

സുശീല ഗോപാലൻ സ്മാരക വനിത സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫ്രാക്ക് & ഇന്നർ വെ യർ പ്രൊഡക്ഷൻ യൂണിറ്റിലേക്ക് തയ്യൽ, ഫാഷൻ ഡിസൈനിംഗ് (ഡിപ്ലോമ) എന്നീ മേഖലയിൽ പ്രാവീണ്യ മുള്ള വനിതകളെ ആവശ്യമുണ്ട് (പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന). താൽപ്പര്യമുള്ളവർ ബയോഡാറ്റ സഹിതം 18.09.2026 ന് 4 മണിക്ക് മുൻപായി സെക്രട്ടറി, സുശീല ഗോപാലൻ സ്മാരക വനിത സഹകരണ സംഘം,മാനന്തവാടി എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

Date: 07.09.2026 ആജ്ഞാനുസരണം സെക്രട്ടറി (ഒപ്പ്)

ദർഘാസ് പരസ്യം

വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ 2026–27 ലെ ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് താഴെപറയുന്ന സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് ഫോറം 26.09.2026 ഉച്ചക്ക് 2 മണിവരെ വിതരണം ചെയ്യുന്നതും അന്നേദിവസം 3 മണിവരെ സ്വീകരിക്കുന്നതും 3.30 മണിക്ക് തുറക്കുന്നതുമാണ്.

ക്രമനം	ഇനം	എണ്ണം
1	മൈക്ക് സെറ്റ്	3
2	അലമാര	21

വിശദ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ജില്ലാ ലൈബ്രറി കൗൺസിലിൽ നിന്നും ലഭിക്കുന്നതാണ്.
D3/520/2026/I&PRD സെക്രട്ടറി
01.09.2026 വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ – ലേല വിൽപന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പണയക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര് /അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് **ആയുർ സോപ്സ് & ഓയിൽസ് & സി.കെ. എം. സോപ് ഇൻഡസ്ട്രീസ്** **M/s ആയുർ സോപ്സ് & ഓയിൽസ്** (മാനേജിംഗ് പാർട്ണർ- സി കുമാരൻ & പാർട്ണർ- ശ്രീമതി.മഞ്ജിമ.സി) **M/s സി.കെ.എം. സോപ് ഇൻഡസ്ട്രീസ്** (പ്രൊപ്രൈറ്റർ സി. കുമാരൻ) 201/സൈന ബിൽഡിംഗ്സ്, വെസ്റ്റ് ഹിൽ, കോഴിക്കോട്, പിൻ- 673005 **ശ്രീ. സി കുമാരൻ**, S/o അപ്പു, അപ്സൺസ് ഹൗസ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട്- 673011, **ശ്രീമതി മഞ്ജിമ സി.** D/o സി. കുമാരൻ പീയം, ബാലൻ കെ. നായർ റോഡ്, അശോകപുരം, കോഴിക്കോട്- 673001	വയനാട് ജില്ലയിൽ, മാനന്തവാടി താലൂക്കിൽ, ആറാട്ടുതറ ദേശത്ത്, വേമം അംശത്ത്, റീ. സർവ്വേ നം. 260/ 3B ൽ പെട്ട സി.കുമാരന്റെ പേരിലുള്ള 0.40 ഹെക്ടർ+0.20 ഹെക്ടർ (0.60 ഹെക്ടർ) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്**: അയ്യപ്പൻകുട്ടി, പണിക്കത്തി മുതൽ പേർ കൈവശം. **കിഴക്ക്**: പഞ്ചായത്ത് റോഡ് **തെക്ക്**: പുഴ, **പടിഞ്ഞാറ്**: ഗോപി കൈവശം.	(എ) 13(2) - 26-12-2024 തിരുത്തൽ തീയതി: 21-04-2025 (ബി) 31-07-2026 ലെ രൂപ 1,38,05,061.69 (ഒരു കോടി മുപ്പത്തി എട്ട് ലക്ഷത്തി അയ്യായിരത്തി അറുപത്തി ഒന്ന് രൂപ അറുപത്തി ഒൻപത് പൈസ) യും 01.08.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 25.07.2025, 26.05.2025 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 45.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 4.50 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ – ലേല തീയതിയും സമയവും: **24-09-2026** ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **23-09-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 22-09-2026

ഇ – ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ- ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **24-09-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https://www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://baanknet.com & https://pnb.bank.in.** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 17-08-2026, (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്,
സ്ഥലം: കോഴിക്കോട് സെക്യൂർഡ് ക്രെഡിറ്റർ